പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2229 — 06.02.2019 ൽ മറുപടിയ്ക്ക്

## കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോന്നിയിലെ സി എഫ് ആർ ഡി യിൽ എത്ര ജീവനക്കാരുണ്ട്; ഇതിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; | (എ) | സി എഫ് ആർ ഡി യിൽ ആകെ 37 ജീവനക്കാരുണ്ട്. ഇതിൽ ഒരാൾ സ്ഥിരവും മറ്റ് 36 പേർ താൽക്കാലിക ജീവനക്കാരുമാണ്. |
| (ബി) | ഡയറക്ടർ നിയമനം സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | ഡയറക്ടറുടെ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിലേയ്ക്ക് ടി തസ്തികയുടെ യോഗ്യത പുന:നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഡയറക്ടറുടെ നിയമന രീതി വ്യക്തമാക്കുമോ; നിലവിലെ ഡയറക്ടറെ നിയമിച്ച രീതി വ്യക്തമാക്കുമോ; പ്രസ്തുത നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഡയറക്ടറെ നേരിട്ടോ, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഡെപ്യൂട്ടേഷനിലോ നിയമിക്കുകയാണ് നിലവിലെ രീതി. നിലവിൽ ഡയറക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. |
| (ഡി) | ജീവനക്കാരില്ലാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ യഥാവിധി നടക്കുന്നില്ലെന്ന ആക്ഷേപം പരിശോധിക്കുമോ; | (ഡി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഡയറക്ടറുടെ തസ്തികയിൽ താൽക്കാലിക നിയമനം നല്കിയിട്ടുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഡയറക്ടറുടെ തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയിട്ടില്ല. നിലവിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് ഡയറക്ടറുടെ അധിക ചുമതല നൽകിയിരിക്കുകയാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ